തേവന്നൂർ കണ്ണങ്കര കുടുംബം (എസ്.സി.എം.എസ് ഗ്രൂപ്പ്)

# ഉന്നത വിദ്യാഭ്യാസ രംഗത്ത് മുന്നേ നടന്ന കുടുംബം

ഡോ.ജി.പി.സി നായരുടെ മക്കളായ പ്രദീപ് പി.തേവന്നൂരും പ്രമോദ് പി.തേവന്നൂരും പഠനശേഷം എസ്.സി.എം.എസിൽ ചേരുമ്പോൾ ഗ്രൂപ്പിന് ഇത്രയും വലുപ്പമില്ല. എന്നാൽ സ്വന്തം മക്കളെ തന്റെ ബിസിനസിലേക്ക് ക്ഷണിക്കുമ്പോൾ ഗ്രൂപ്പിന്റെ വളർച്ചാ സാധ്യതയെക്കുറിച്ച് ഡോ.ജി.പി.സി നായർക്ക് തെല്ലും സംശയമുണ്ടായിരുന്നില്ല. കാരണം അത് ഉദാരവൽക്കരണത്തിന്റെ കാലഘട്ടമായിരുന്നു. അത് നടപ്പാക്കി തുടങ്ങുമ്പോൾ മാനേജ്മെന്റ് മേഖല ഏറ്റവും വളർച്ചാ സാധ്യതയുള്ള മേഖലകളിൽ ഒന്നായി മാറുമെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. ഡോ.നായരുടെ കണക്കുകൂട്ടലുകൾ തെറ്റിയില്ല. ഉന്നത വിദ്യാഭ്യാസ മേഖലയിൽ പുതിയ അവസരങ്ങൾ ഓരോന്നായി ഉയർന്നു വരുമ്പോഴും അതൊക്കെ പ്രയോജനപ്പെടുത്താൻ ഡോ.നായരുടെ ഇടംകൈയും വലംകൈയുമായി മക്കൾ പ്രദീപും പ്രമോദും ഒപ്പമുണ്ടായിരുന്നു.

ഡോ. നായർ 1976ൽ തുടക്കമിട്ട് വളർത്തിയ എസ്.സി.എം.എസിൽ പ്രദീപ് ചേരുന്നത് 1991ലും പ്രമോദ് ചേരുന്നത് 1993 ലും ആയിരുന്നു. അന്ന് കേവലം 15 കോടിയോളം രൂപയുടെ ആസ്തിയുള്ള ഒരു സ്ഥാപനം മാത്രമായിരുന്നു എസ്.സി.എം.എസ്. എങ്കൽ ഇന്നത്തെ ആസ്തിയുടെ വിപണി മൂല്യം 786 കോടിയോളം രൂപ വരും. ഒമ്പത് സ്ഥാപനങ്ങൾ അടങ്ങുന്ന ഗ്രൂപ്പായി എ.സി.എം.എ ഗ്രൂപ്പ് ഇന്ന് വളർന്നു വികസിച്ചിരിക്കുന്നു. പ്രതിവർഷം വിവിധ സ്ഥാപനങ്ങളിൽ നിന്ന് ഉന്നത വിദ്യാഭ്യാസം നേടി പുറത്തിറങ്ങുന്നത് 1300 ലേറെ വിദ്യാർത്ഥികൾ ആണ്.

ഓരോ കോളെജിനും അനുമതി മേടിക്കുന്നതിലും ഗവൺമെന്റ്, ടെക്നിക്കൽ എഡ്യൂക്കേഷൻ കൗൺസിൽ, യു.ജി.സി എന്നിവയുമായുള്ള ഏകോപന പ്രവർത്തനങ്ങളിലും ഡോ.നായർ ശ്രദ്ധ കേന്ദ്രീകരിച്ചപ്പോൾ അത്തരം കോളെജുകൾ നിർമിക്കുന്നതിൽ പ്രദീപും അവയുടെ അക്കാദമിക് കാര്യങ്ങളിലും പഠനനിലവാരത്തിന്റെ കാര്യത്തിലും പ്രമോദും കർമ്മനിരതമായി. പിതാവിന്റെയും മക്കളുടെയും ഒരേ മനസോടെയുള്ള ഈ നീക്കങ്ങൾ ചെന്നെത്തിയത് കേരളത്തിലെ ഉന്നത വിദ്യാഭ്യാസമേഖലയെ ഗണ്യമായി സ്വാധീനിച്ച ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പിറവിക്കാണ്.

"എങ്ങനെ മാനേജ്മെന്റ് വിദ്യാഭ്യാസം മികച്ച നിലവാരത്തോടെ നൽകാമെന്ന് തെളിയിക്കാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്. എൻജിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും അത് ആവർത്തിക്കാൻ കഴിഞ്ഞതിൽ അഭിമാനമുണ്ട്", ഡോ.നായർ പറയുന്നു.

ഇന്ന് മക്കളും അവരുടെ ഭാര്യമാരും സജീവമായ ഒരു കുടുംബ സംരംഭമാണ് എസ്.സി.എം.എസ് ഗ്രൂപ്പ്. പ്രദീപ്, കോളെജ് നിർമാണം പുതിയ പദ്ധതികൾ തുടങ്ങിയവയുടെ ചുമതല വഹിക്കുന്നു. ഭാര്യ ഡോ.രാധ തേവന്നൂർ എസ്.സി.എം.എസ് സ്കൂൾ ഓഫ് ടെക്നോളജി ആൻഡ് മാനേജ്മെന്റ് ഡയറക്റ്ററാണ്. അക്കാഡമിക് കാര്യങ്ങളുടെയും പഠന നിലവാരത്തിന്റെയും ചുമതലയാണ് പ്രമോദിന്. ഭാര്യ ഇന്ദു നായർ എം.സി.എ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്റ്ററാണ്. ഡോ. നായരുടെ ഭാര്യ സരസമ്മ വീട്ടമ്മയാണ്.

"കുടുംബ സംരംഭമാണെങ്കിലും ഇതൊരു ട്രസ്റ്റ് ആയിട്ടാണ് പ്രവർത്തിക്കുന്നത്. നന്നായി നടത്തിക്കൊണ്ടുപോകുന്നിടത്തോളം കാലം അവർക്കിത് മുന്നോട്ടു കൊണ്ടുപോകാം. അല്ലെങ്കിൽ ഗവൺമെന്റിന് ഏറ്റെടുക്കാം. ഞങ്ങളെല്ലാം ഇവിടുത്തെ ശമ്പളക്കാർ മാത്രം", ഡോ.നായർ വ്യക്തമാക്കി.

കുടുംബാംഗങ്ങളും കുടുംബത്തിന് പുറത്തുനിന്നുള്ള മൂന്ന് പ്രൊഫഷണലുകളും അടങ്ങുന്നതാണ് ഗ്രൂപ്പിന്റെ ഡയറക്റ്റർ ബോർഡ്. ആഴ്ചയിൽ രണ്ട് ബോർഡ് മീറ്റിംഗുകൾ നടത്തും. ഇതല്ലാതെ കുടുംബാംഗങ്ങൾ മാത്രമായി മീറ്റിംഗുകൾ ഒന്നുമില്ല. "വളരെ സുതാര്യമാണ് ഞങ്ങളുടെ പ്രവർത്തനം. കുടുംബാംഗങ്ങൾക്ക് മാത്രമായി ഒന്നിച്ചിരുന്ന് ചർച്ച ചെയ്യാൻ യാതൊന്നും ഇവിടെയില്ല." ഡോ. നായർ വ്യക്തമാക്കുന്നു.

മക്കൾ വേറെ വീടുകളിലാണ് താമസം. എല്ലാ ഞായറാഴ്ചകളിലും ഡോ.നായരുടെ വീട്ടിൽ ഉച്ചഭക്ഷണത്തിന് എല്ലാവരും ഒത്തുകൂടും.

**എസ്.സി.എം.എസ് ഗ്രൂപ്പ്**

**സാരഥികൾ:**
ഡോ.ജി.പി.സി നായർ,
പ്രദീപ്, പ്രമോദ്,
ഡോ. രാധ തേവന്നൂർ,
ഇന്ദു നായർ



ഡോ.ജി.പി.സി നായരും കുടുംബാംഗങ്ങളും